(ബി) ഇപ്രകാരം നിയമിച്ചവരെ എവിടെയെല്ലാം ഏതേതു പോസ്റ്റുകളിലേക്ക് എത്ര പേരെ വീതം നിയമിച്ചു എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 1406

(ബി) വിവരം ശേഖരിച്ചു വരുന്നു.

കേരളാ വാട്ടർ അതോറിറ്റിയിൽ പാർട്ട് ടൈം/ഫുൾ ടൈം ജീവനക്കാരുടെ നിയമനം

65 [2785] ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ പി. എസ്. സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയോ അല്ലാതെ പാർട്ട് ടൈം/ഫുൾ ടൈം ജീവനക്കാരെ നിയമിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ട്രോളിംഗ് നിരോധനം സംബന്ധിച്ച് കമ്മിറ്റികളുടെ പഠനം

64 [2786] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, ടി. വി. ചന്ദ്രമോഹൻ :
,, ഡൊമിനിക് പ്രസന്റേഷൻ :
,, വി. ഡി. സതീശൻ :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം സംബന്ധിച്ച് നിയോഗിച്ച ഏതെല്ലാം കമ്മിറ്റികളും വ്യക്തികളും ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ശുപാർശ എന്തായിരുന്നു;

(സി) 2000-ത്തിന് ശേഷം ഇതേപ്പറ്റി വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) ഇപ്പോൾ ട്രോളിംഗ് നിരോധനകാലമെത്രയാണെന്ന് വ്യക്തമാക്കുമോ; ഈ കാലപരിധി വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കാലപരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രോളിംഗ് നിരോധനത്തെക്കുറിച്ച് പഠിക്കാൻ താഴെപ്പറയുന്ന കമ്മിറ്റികളെ നിയോഗിച്ചിരുന്നു:

1. ഡോ. ബാബുപോൾ കമ്മിറ്റി-1982
2. ഡോ. കലാവർ കമ്മിറ്റി-1985
3. ബാലകൃഷ്ണൻ നായർ കമ്മിറ്റി-1989
4. ബാലകൃഷ്ണൻ നായർ കമ്മിറ്റി-1991
5. ഡോ. ഇ. ജി. സൈലാസ് കമ്മിറ്റി-1992
6. പ്രൊഫ. ബാലകൃഷ്ണൻ നായർ കമ്മീഷൻ-1999

(ബി) ട്രോളിംഗ് നിരോധനം മത്സ്യസമ്പത്തിന്റെ പരിപാലനത്തിന് അനിവാര്യമാണ് എന്നായിരുന്നു ശുപാർശ.

(സി) ഉണ്ട്.

(ഡി) 45 ദിവസം ഇല്ല.

(ഇ) ഉണ്ട്.

മത്സ്യബന്ധന മേഖലയ്ക്കായുള്ള മണ്ണെണ്ണ വിഹിതവും വിതരണവും

67 [2787] ശ്രീ. ടി. എൻ. പ്രതാപൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയ്ക്ക് സംസ്ഥാന വിഹിതമായി ഇപ്പോൾ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവെത്രയാണ്;

(ബി) ഇത് എത്ര മത്സ്യബന്ധന ബോട്ടുകൾക്കും ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾക്കുമായാണ് വിതരണം ചെയ്യുന്നത്;

(സി) ഈ മണ്ണെണ്ണയുടെ വിലയെത്രയാണ്;

(ഡി) മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് മണ്ണെണ്ണ നൽകുന്നത്, എൻജിന്റെ പഴക്കം നോക്കിയാണോ അവയുടെ പ്രവർത്തനക്ഷമത നോക്കിയാണോ എന്ന കാര്യം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly